

*ക്വിസിരിസ് ഫിനാലെയിൽലെ വിജയികൾ സംഘാടകരോടൊപ്പം*

# ക്വിസിരിസ് ഫിനാലെ: തിരുവനന്തപുരം ജേതാക്കൾ

**കൊടുങ്ങല്ലൂർ:** പി. വെമ്പല്ലൂർ എം. ഇ.എസ് അസ്മാബി കോളജ് ക്വിസ് ക്ലബും പ്രജ്ഞാ ക്വിസ് ക്ലബും സംയുക്തമായി സംഘടിപ്പിച്ച ക്വിസിരിസ് ഫിനാലെയിൽ തിരുവനന്തപുരം ജില്ല ഒന്നാം സ്ഥാനവും പാലക്കാട് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കോഴിക്കോട് മൂന്നാം സ്ഥാനവും നേടി.

തിരുവനന്തപുരത്തെ പ്രതിനിധീകരിച്ച വി.ആർ. ശരത്, സമൻ എസ്. ഖാൻ എന്നിവരാണ് ഒന്നാം സ്ഥാനത്തെത്തിയത്. രണ്ടാം സ്ഥാനക്കാരായ പാലക്കാട് ജില്ലയെ അനുജിത്, വിവേക് എന്നിവരാണ് പ്രതിനിധാനം ചെയ്തത്. കോഴിക്കോടിനെ എൻ.ഐ.ടിയിലെ ഹരികൃഷ്ണൻ, ശ്രീറാം എന്നിവർ പ്രതിനിധീകരിച്ചു.

അസ്മാബി കോളജിൽ നടന്ന മത്സരം തൃശൂർ അസി. കലക്ടർ വി.എം. ജയകൃഷ്ണൻ നയിച്ചു. മത്സരത്തിൽ പോണ്ടിച്ചേരി, കേരള സംസ്ഥാനങ്ങളിൽ നിന്നായി നൂറോളം ടീമുകൾ പങ്കെടുത്തു.

സമാപനചടങ്ങിൽ കോളജ് മാനേജിങ് കമ്മിറ്റി സെക്രട്ടറി ആൻഡ് കറസ്പോണ്ടന്റ് അഡ്വ. നവാസ് കാട്ടകത്ത്, പ്രിൻസിപ്പൽ ഡോ. എ. ബിജു, ഡോ. സനന്ദ് സദാനന്ദൻ, വി.എ. ഷഹീദ, ഡോ. പി. അമിത, പ്രജ്ഞാ ക്വിസ് ക്ലബ് കോഓഡിനേറ്റർ ഗോകുൽ തുടങ്ങിയവർ സംബന്ധിച്ചു.